**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3920** **15-07-2022 - ൽ മറുപടിയ്ക്ക്**

**എൻ. എച്ച്. എം. ന്റെ കീഴിൽ കോൺട്രാക്ട് ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | എൻ. എച്ച്. എം. ന്റെ കീഴിൽ വിവിധ ആശുപത്രികളിലേക്ക് കോൺട്രാക്ട് ആയി നിയമിക്കുന്ന ജീവനക്കാർക്ക് എത്ര ദിവസമാണ് ലീവ് അനുവദിക്കുന്നത്; ലീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ലീവ് അനുവദിക്കുകയും തിരികെ ജോലിയിൽ പ്രവേശിക്കാൻ പറയുന്ന ദിവസം കൃത്യമായി ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | എൻ. എച്ച്. എം. ന്റെ കീഴിൽ വിവിധ ആശുപത്രികളിൽ കോൺട്രാക്ട് ആയി നിയമിക്കുന്ന ജീവനക്കാർക്ക് ലീവ് അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു.<br>കരാർ നിബന്ധന പ്രകാരം, ലീവിന് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാതിരിക്കുന്ന ജീവനക്കാരെ പിരിച്ചു വിടാൻ വ്യവസ്ഥയുണ്ട്. |
| (ബി) | എൻ. എച്ച്. എം. ന്റെ കീഴിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്ന ഏതെങ്കിലും ജീവനക്കാർക്ക് ദീർഘകാല ലീവ് അനുവദിച്ചിട്ടുണ്ടോ; ലീവ് അപേക്ഷിച്ചതിന്റെ കാരണം വ്യക്തമാക്കാമോ; ലീവ് അനുവദിച്ചുവെങ്കിൽ ഏതു മാനദണ്ഡത്തിലാണ് എന്ന് വ്യക്തമാക്കാമോ; അനുവദിച്ച ലീവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ജോലിയിൽ പ്രവേശിച്ചത്; | (ബി) | ലീവ് അനുവദിച്ചിട്ടുണ്ട്. ശൂന്യ വേതനാവധിയിൽ വിദേശത്തു ഭർത്താവിനൊപ്പം താമസിക്കുന്നതിന് പോകുന്നതിനായാണ് ലീവിന് അപേക്ഷിച്ചത്.<br>ഈ അപേക്ഷ പരിഗണിച്ചതിൻ പ്രകാരമാണ് ലീവ് അനുവദിച്ചത്. ലീവ് അനുവദിച്ച കാലയളവു കഴിഞ്ഞു വീണ്ടും, കോവിഡ് മഹാമാരി മൂലമുള്ള പ്രതിസന്ധികൾ കാരണം ലീവ് നീട്ടുന്നതിനായി അപേക്ഷ സമർപ്പിക്കുകയും, കോവിഡ് സാഹചര്യം കണക്കിലെടുത്ത് ആരോഗ്യകേരളം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമായി അപേക്ഷകക്ക് പുതിയ കരാറിൽ നിയമനം നൽകുകയും, അതിൻപ്രകാരം അപേക്ഷകക്ക് ആരോഗ്യവകുപ്പിന് കീഴിലെ അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പി.ആർ.ഓ ആയി നിയമനം നൽകുകയും ആയത് ആരോഗ്യകേരളം നാല്പത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കൃത്യസമയത്ത് ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രവേശിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; കൃത്യസമയത്ത് ജോലിയിൽ പ്രവേശിക്കാതിരുന്ന ഉദ്യോഗസ്ഥരെ തിരികെ ജോലിയിൽ | (സി) | ലീവ് അനുവദിച്ചിട്ടുണ്ട്. ശൂന്യ വേതനാവധിയിൽ വിദേശത്തു ഭർത്താവിനൊപ്പം താമസിക്കുന്നതിന് പോകുന്നതിനായാണ് ലീവിന് അപേക്ഷിച്ചത്.<br>ഈ അപേക്ഷ പരിഗണിച്ചതിൻ പ്രകാരമാണ് ലീവ് അനുവദിച്ചത്. ലീവ് അനുവദിച്ച കാലയളവു കഴിഞ്ഞു |

| | | | |
|---|---|---|---|
| | പ്രവേശിപ്പിക്കാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ.; | | വീണ്ടും, കോവിഡ് മഹാമാരി മൂലമുള്ള പ്രതിസന്ധികൾ കാരണം ലീവ് നീട്ടുന്നതിനായി അപേക്ഷ സമർപ്പിക്കുകയും, കോവിഡ് സാഹചര്യം കണക്കിലെടുത്ത് ആരോഗ്യകേരളം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാധൂകരണത്തിന് വിധേയമായി അപേക്ഷകക്ക് പുതിയ കരാറിൽ നിയമനം നൽകുകയും, അതിൻപ്രകാരം അപേക്ഷകക്ക് ആരോഗ്യവകുപ്പിന് കീഴിലെ അഞ്ചുതെങ്ങ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പി.ആർ.ഓ ആയി നിയമനം നൽകുകയും ആയത് ആരോഗ്യകേരളം നാല്പത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എൻ. എച്ച്. എം. ന്റെ കീഴിലുള്ള കോൺട്രാക്ട് വ്യവസ്ഥയിൽ തിരുവനന്തപുരം ജില്ലയിൽ പി.ആർ.ഒ. തസ്തികയിൽ 2022 ഏപ്രിൽ 02 ന കരാർ കാലാവധി നീട്ടി നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ; എങ്കിൽ ഏതു സ്ഥാപനത്തിലാണ് ജോലി നൽകിയത്; കരാർ കാലാവധി നീട്ടി നൽകിയില്ലെങ്കിൽ ജോലിയിൽ നിന്നും പിരിച്ചു വിട്ടതാണോ എന്ന് വ്യക്തമാക്കാമോ; ജോലിയിൽ നിന്നും പിരിച്ചു വിട്ടില്ലായെങ്കിൽ കരാർ നീട്ടി നൽകാത്ത ജീവനക്കാർക്ക് പിന്നീട് ഏതു മാനദണ്ഡം പ്രകാരമാണ് നിയമനം നൽകുന്നത്; | (ഡി) | എൻ. എച്ച്. എം ജില്ലാ ഓഫീസുകൾക്കുകീഴിൽ കരാർ നിയമനങ്ങൾ ജില്ലാ പ്രോഗ്രാം മാനേജരുടെ അധികാരത്തിലാണ് /ഉത്തരവാദിത്വത്തിലാണ് നടത്തുന്നത്. ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ (ഏപ്രിൽ മുതൽ മാർച്ച് വരെ) ഒരു വർഷത്തേക്കാണ് കരാർ നിയമനങ്ങൾ നടത്തുന്നത്. ഈ കരാർ മാർച്ച് 31-ന് അവസാനിക്കും. ഇത് നീട്ടി നൽകാറില്ല. നിലവിലെ ജീവനക്കാരുടെ പെർഫോമൻസ് വിലയിരുത്തി അർഹതപ്പെട്ടവർക്ക് പുതിയ കരാറിൽ നിയമനം നൽകുകയാണ് ചെയ്യുന്നത്. ഇപ്രകാരം നിയമനം നൽകിയPROമാരുടെ ലിസ്റ്റ് **അനുബന്ധം** II ആയി ചേർക്കുന്നു. |
| (ഇ) | ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലെ എൻ. എച്ച്. എം. സ്റ്റാഫ് നേഴ്സുമാർക്ക് കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്രപേർക്ക് ലീവ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ലീവ് അനുവദിച്ചുവെങ്കിൽ ഏതു മാനദണ്ഡത്തിലാണ് എന്ന് വ്യക്തമാക്കാമോ; ലീവ് അനുവദിച്ചില്ലായെങ്കിൽ ഏതു മാനദണ്ഡത്തിലാണ് എന്ന് വ്യക്തമാക്കാമോ? | (ഇ) | ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചിരുന്ന 18 സ്റ്റാഫ് നഴ്സുമാർക്ക് ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ NHM/3525/Admin2/2016/SPMSU/ TVM dated 01.12.2016-ാംനമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി LOP ലീവ് അനുവദിച്ചിട്ടുണ്ട്. നിലവിലെ ലീവ് ഓഡർ പ്രകാരമാണ് ലീവ് അനുവദിച്ചത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## എൻ. എച്ച്. എം. ന്റെ കീഴിൽ വിവിധ ആശുപത്രികളിലേക്ക് കോൺട്രാക്ട് ആയി നിയമിക്കുന്ന ജീവനക്കാർക്ക് ലീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം

| നമ്പർ | നിലവിൽ എൻ എച് എം കരാർ ജീവനക്കാർക്ക് അനുവദനീയമായ അവധികൾ | ഉത്തരവ് നമ്പർ | വിശദാംശം |
|---|---|---|---|
| 1 | കാഷ്വൽ ലീവ് (20) | NHM/3525/Admin2/2016/ SPMSU Dated 01-12-2016 | 10 കാഷ്വൽ ലീവ് ആണ് തുടർച്ചയായി എടുക്കുവാനുള്ള (അവധി ദിവസങ്ങൾ ഒഴിച്ച്) അനുവാദം |
| 2 | സ്പെഷ്യൽ കാഷ്വൽ ലീവ് (15) | NHM/3525/Admin2/2016/ SPMSU Dated 09-01-2017 | NHM-ന് കീഴിൽ കരാർ ജോലി ചെയ്യുന്ന ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് |
| 3 | തീവ്ര രോഗാവസ്ഥയിൽ ഉള്ളവർക്കുള്ള ലീവ് (60) | NHM/3525/Admin2/2016/ SPMSU Dated 22-11-2019 | മാരക രോഗങ്ങൾക്ക് കീമോതെറാപ്പി അല്ലെങ്കിൽ റേഡിയേഷൻ ചികിത്സയ്ക്ക് വിധേയരായ എൻഎച്ച്എം ജീവനക്കാർക്ക് 2 മാസത്തേക്ക് പ്രത്യേക കാഷ്വൽ ലീവ് അനുവദിക്കും. മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർ /ജില്ലാ പ്രോഗ്രാം മാനേജർ എന്നിവർക്ക് അനുവദിക്കാവുന്നതാണ്. |
| 4 | ഗർഭഛിദ്രം, ഗർഭം അലസൽ, എന്നിവയ്ക്കുള്ള ലീവ് (42) | NHM/3525/Admin2/2016/ SPMSU Dated 22-11-2019 | 42 ദിവസത്തെ ശമ്പളത്തോടു കൂടിയുള്ള അവധി മെഡിക്കൽ സർട്ടിഫിക്കറ്റുകളെ അടിസ്ഥാനമാക്കി ജില്ലാ പ്രോഗ്രാം മാനേജർ/ സംസ്ഥാന പ്രോഗ്രാം മാനേജർ/സ്റ്റേറ്റ് മിഷൻ ഡയറക്ടർ എന്നിവർക്ക് അനുവദിക്കാവുന്നതാണ്. |
| 5 | പ്രസവാവധി (180) | NHM/1853/Admin2/2017/ SPMSU Dated 11-08-2017 | കരാർ കാലയളവ് അവസാനിക്കുന്നത് വരെ മാത്രമേ പ്രസവാവധി പരിഗണിക്കൂ, കരാർ കാലയളവിലെ ഇടവേളയ്ക്ക് ശേഷം (സാധാരണ മാർച്ച് 31-ന്) അത് നീട്ടി കിട്ടുകയില്ല. |
| 6 | മൂന്നാമത്തെ പ്രസവത്തിനുള്ള അവധി | NHM/4760/SFM/2017/SPMSU Dated 29-09-2018 | മൂന്നാമത്തെ പ്രസവത്തിനുള്ള മെറ്റേണിറ്റി ബെനിഫിറ്റ്. ഗർഭിണികൾക്ക് പ്രതീക്ഷിക്കുന്ന ഡെലിവറി തീയതിക്ക് മുമ്പായി 8 ആഴ്ച അവധിയും ബാക്കിയുള്ള 18 ആഴ്ച ഡെലിവറിക്ക് ശേഷവും ലഭിക്കുന്നതാണ് |
| 7 | ഫീൽഡ് സ്റ്റാഫിനുള്ള അവധി ദിവസങ്ങൾ (15) | NHM/3525/Admin2/2016/ SPMSU Dated 22-11-2019 | റിപ്പബ്ലിക് ദിനം, വിഷു, ദുഃഖവെള്ളി, റമദാൻ, മെയ് ദിനം, സ്വാതന്ത്ര്യദിനം, പെസഹാ വ്യാഴാഴ്ച, ഒന്നാം ഓണം (ഉത്രാടം), തിരുവോണം, വിജയദശമി, ദീപാവലി, മീലാദ്-ഇ-ഷെരീഫ്, ബക്രീദ്, ഗാന്ധി ജയന്തി, ക്രിസ്തുമസ് |

| | | | |
|---|---|---|---|
| 8 | ആർജ്ജിത അവധി (15) | NHM/3525/Admin2/2016/ SPMSU Dated 26-02-2021 | അഞ്ചു വർഷം കരാർ നിയമനം കഴിഞ്ഞ ജീവനക്കാർക്ക് 7 ദിവസവും, പത്തു വർഷം കഴിഞ്ഞവർക്ക് 15 ആർജ്ജിത അവധിയും അനുവദനീയമാണ്. ആർജ്ജിത അവധി സറണ്ടർ ചെയ്യാനോ അടുത്ത വർഷത്തേക്ക് കൊണ്ടുപോകാനൊ അനുമതിയില്ല. ആർജ്ജിത അവധി ശൂന്യ വേതന അവധിയുമായി കൂട്ടിച്ചേർത്തു എടുക്കാവുന്നതാണ് എന്നാൽ കാഷ്വൽ ലീവുമായി ചേർത്ത് എടുക്കാൻ അനുമതിയില്ല |
| 9 | ശൂന്യ വേതന അവധി (30) | NHM/3525/Admin2/2016/ SPMSU Dated 16-06-2022 | ജില്ലാ ഓഫീസുകളിൽ ജില്ലാ പ്രോഗ്രാം മാനേജർമാർക്കും സംസ്ഥാന ഓഫീസിൽ സംസ്ഥാന മിഷൻ ഡയറക്ടർക്കും ശൂന്യ വേതന അവധി അനുവദിക്കാവുന്നതാണ് |
| 10 | ശൂന്യ വേതന അവധി (30) ദിവസത്തിൽ കൂടുതൽ മുതൽ 60 ദിവസം വരെ | NHM/3525/Admin2/2016/ SPMSU Dated 16-06-2022 | ജില്ലാ ഓഫീസുകളിൽ ജില്ലാ പ്രോഗ്രാം മാനേജർമാർക്കും സംസ്ഥാന ഓഫീസിൽ സംസ്ഥാന മിഷൻ ഡയറക്ടർക്കും ശൂന്യ വേതന അവധി ആരോഗ്യ വകുപ്പ് / മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഡോക്ടർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ ശൂന്യ വേതന അവധി അനുവദിക്കാവുന്നതാണ് |
| 11 | ശൂന്യ വേതന അവധി 60 ദിവസത്തിൽ കൂടുതൽ മുതൽ 120 ദിവസം വരെ | NHM/3525/Admin2/2016/ SPMSU Dated 16-06-2022 | ജില്ലാ പ്രോഗ്രാം മാനേജർ സമർപ്പിക്കുന്ന ആരോഗ്യ വകുപ്പ് അഥവാ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഈ ശൂന്യ വേതന അവധി അംഗീകരിച്ചു നൽകുന്നു. |
| 12 | 120 ദിവസത്തിൽ കൂടുതൽ ഉള്ള ശൂന്യ വേതന അവധി | NHM/3525/Admin2/2016/ SPMSU Dated 16-06-2022 | 120 ദിവസത്തിൽ കൂടുതൽ ഉള്ള ശൂന്യ വേതന അവധി അംഗീകരിക്കുന്നത് ജില്ലാ പ്രോഗ്രാം മാനേജർ സമർപ്പിക്കുന്ന ആരോഗ്യ വകുപ്പ് അഥവാ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള പ്രൊപോസൽ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുന്ന പ്രകാരം ആയിരിക്കും. |
| 13 | സ്വകാര്യ ആവശ്യങ്ങൾക്കായി വിദേശത്തു പോകുന്നതിനുള്ള ശൂന്യ വേതന അവധി (60) | NHM/3525/Admin2/2016/ SPMSU Dated 18-06-2022 | സ്വകാര്യ ആവശ്യങ്ങൾക്കായി വിദേശത്തു പോകുന്നതിനുള്ള ശൂന്യ വേതന അവധി 60 ദിവസം വരെയാണ്. പ്രസ്തുത അവധി അപേക്ഷ ഒരു മാസം മുന്നേ നൽകി അനുമതി തേടേണ്ടതാണ്. അനുമതി ഇല്ലാതെ നടത്തുന്ന വിദേശയാത്രകൾ കരാർ ലംഘനവും, കുറ്റകരവും, കരാർ റദ്ദ ചെയ്യാനും നിയമം അനുശാസിക്കുന്നു. 60 ദിവസത്തിൽ കൂടുതൽ ഉള്ള വിദേശയാത്രകൾക്കു വ്യക്തമായ മെഡിക്കൽ രേഖകൾ ഹാജരാക്കേണ്ടതുണ്ട്, ആയതു സ്വന്തം |

| | | | |
|---|---|---|---|
| | | | ചികിത്സക്കോ, ഭർത്താവിനോ ഭാര്യക്കോ കുട്ടിക്കോ എന്ന് വ്യക്തമാക്കുന്ന മെഡിക്കൽ സാക്ഷ്യപത്രത്തിന്റെ വെളിച്ചത്തിൽ മാത്രം ആയിരിക്കും ശൂന്യ വേതന അവധി അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം. II

| Sl.No | Name of Staff | Designation | Institution |
|---|---|---|---|
| 1 | Akhilesh.S.R | PRO | CHC Poonthura |
| 2 | Anil Philipose | PRO | CHC Puthenthope |
| 3 | Archana C S | PRO | DMH Peroorkada |
| 4 | Arun Prasanth.S.T. | PRO | GH Neyyattinkara |
| 5 | Arya G S | PRO | CHC Manamboor |
| 6 | Deepthi S R | PRO | TH Fort |
| 7 | Giri Shanker M | PRO | THQH Parassala |
| 8 | Girija R | PRO | THQH Varkala |
| 9 | Gopika N Nair | PRO | CHC Kallara |
| 10 | Jayalekshmi B S | PRO | TH Attingal |
| 11 | Jesilet Bai P S | PRO | GH Trivandrum |
| 12 | Manoj V P | PRO | CHC Vilappil |
| 13 | Mini R | PRO | CHC Pulluvila |
| 14 | Murukesh.S.S | PRO | CHC Vellanad |
| 15 | N K Gopakumar | PRO | CHC Perumkadavila |
| 16 | Neeraja Thampi | PRO | TH Vithura |
| 17 | Pranooj R | PRO | MCH Trivandrum |
| 18 | Priya K T | PRO | DH Nedumangad |
| 19 | Priya S | PRO | SAT Hospital |
| 20 | Rani Chakrapani | PRO | RIO, Trivandrum |
| 21 | Renjith nath C G | PRO | CHC Vizhinjam |
| 22 | Reshma S Vijayan | PRO | CHC Kesavapuram |
| 23 | Revathy L R | PRO | CHC Venpakal |
| 24 | Sagitha M S | PRO | SPHCL Tvpm |
| 25 | Sathy Chandra | PRO | CHC Kanyakulangara |
| 26 | Saveen.V.S. | PRO | CHC Poovar |
| 27 | Shini V S | PRO | W&C Hospital |
| 28 | Shobhith Peter | PRO | FHC Vamanapuram |
| 29 | Sruthi G | PRO | THQH Chirayinkeezhu |
| 30 | Suku D | PRO | CHC Vellarada |
| 31 | Tom T Antony | PRO | MCH Unit Pangappara |

(signature)
ജില്ലാ മെഡിക്കൽ ഓഫീസർ